"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - ആലപ്പുഴ ബീച്ച് ഫെസ്റ്റിവൽ 2023-ധനസഹായം -അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.167/2024/TSM തീയതി,തിരുവനന്തപുരം, 16-03-2024

പരാമർശം:-
1. ബഹു ആലപ്പുഴ എം.എൽ.എ ശ്രീ പി.പി ചിത്തരഞ്ജൻ ബഹു വിനോദസഞ്ചാര വകുപ്പ് മന്ത്രിക്കു സമർപ്പിച്ച അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 12.02.2024 ലെ DOT/165/ 2024-എം1 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ മണ്ഡലത്തിലെ ആലപ്പുഴ ബീച്ചിൽ പുതുവർഷവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 28 മുതൽ 31 വരെ നടന്ന കലാ സാംസ്കാരിക പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബീച്ച് ഫെസ്റ്റിവൽ സംഘടിപ്പിച്ചതിലേയ്ക്കായി "3452 -80 -104- 99 പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും പരിപോഷണവും (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും പര്യാപ്തമായ തുക അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ബീച്ചിൽ പുതുവർഷവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 28 മുതൽ 31 വരെ നടന്ന കലാ സാംസ്കാരിക പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആലപ്പുഴ ബീച്ച് ഫെസ്റ്റിവലിന് 3452 -80 -104 99 പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും പരിപോഷണവും (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം)അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗസർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ആലപ്പുഴ മുനിസിപ്പാലിറ്റി സംഘാടക സമിതി സെക്രട്ടറി, വിനോദ

സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II) കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 16-03-2024 17:43:00
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്